## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3686** **27-06-2024 - ൽ മറുപടിയ്ക്ക്**

## വയോജനങ്ങളുടെ ക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി വാർഡുകൾതോറും വയോ ക്ലബ്ബുകൾ സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 06/03/2020-ലെ സ.ഉ.(കൈ) 45/2020/തസ്വഭവ പ്രകാരം സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വയോസൗഹൃദമാക്കുന്നതിനായി വയോക്ലബ്ബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് പകൽ സമയത്ത് വിശ്രമ വിനോദ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് വയോക്ലബ്ബുകൾ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. വയോക്ലബിന് പരിശീലനം ലഭിച്ച ഒരു കെയർടേക്കറുടെ സേവനം കുടുംബശ്രീ സംവിധാനത്തിൽ നിന്നും എടുത്ത് 4000/- രൂപ നിരക്കിൽ നിയോഗിക്കുന്നതിന് മാർഗ്ഗരേഖ അനുശാസിക്കുന്നു.<br><br>സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വയോജന ക്ഷേമം മുൻനിർത്തി വയോജന ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട് .എല്ലാ വാർഡുകളിലും നിലവിൽ ഈ സംവിധാനം പ്രവർത്തിക്കുന്നില്ല. ആയത് പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പും സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന സായംപ്രഭ ഭവന പദ്ധതിയുടെ ഭാഗമായി ഇത് നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്.<br><br>കൂടാതെ കേരള സാമൂഹ്യ സുരക്ഷമിഷൻ മുഖേന നടപ്പിലാക്കുന്ന "വയോമിത്രം" പദ്ധതിയുടെ എല്ലാ യൂണിറ്റുകളിലും ക്യാമ്പുകൾ നടത്തുന്ന സെന്റർ കേന്ദ്രീകരിച്ച് വയോജന ക്ലബ്ബുകൾ മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ടി ക്ലബ്ബുകളിലൂടെ വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി വിവിധ പരിപാടികൾ, വിനോദയാത്രകൾ, വിവിധ സംഘടനകളുമായി ചേർന്ന് വിമാനയാത്രകൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും നടപ്പിലാക്കുന്നു. ഇതിലൂടെ വയോജങ്ങളുടെ |

| | | | |
|---|---|---|---|
| | | | മാനസികാരോഗ്യം മെച്ചപ്പെടുത്തുവാനും അവരുടെ തന്നെ ഒരു കൂട്ടായ്മ രൂപികരിക്കുവാനും സാധിക്കുന്നുണ്ട്. |
| (ബി) | വയോജനങ്ങൾക്ക് മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്നതിനും കിടപ്പിലായവർക്ക് പരിചരണം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തുള്ള 85 മുനിസിപ്പാലിറ്റികളിലും/6 കോർപ്പറേഷനുകളിലും, 4 ബ്ലോക്കുകളിലും കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന വയോജനങ്ങൾക്ക് സൗജന്യ മരുന്നു വിതരണം, പാലിയേറ്റീവ് കെയർ, സൗജന്യ ചികിത്സ, ഹെൽപ്പ്ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം എന്നിവ നൽകുന്ന വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നു.2022-23 സാമ്പത്തിക വർഷം മുതൽ വയോമിത്രം പദ്ധതിയിലെ “വാതിൽപ്പടി സേവനം” എന്ന പദ്ധതിയിലൂടെ ക്യാമ്പുകൾക്ക് ശേഷമുള്ള സമയത്ത് ഡോക്ടർമാർ ഉൾപ്പെടെയുള്ള ടീം കിടപ്പ് രോഗികൾ, ഭിന്നശേഷിക്കാർ ആയിട്ടുള്ള മുതിർന്നപൗരന്മാരുടെ വീടുകളിൽ എത്തി ചികിത്സ, മരുന്നുകൾ, പാലിയേറ്റീവ് കെയർ തുടങ്ങിയ സേവനങ്ങളും നൽകി വരുന്നു.<br><br>കിടപ്പിലായവരും സംരക്ഷിക്കാൻ ആരുമില്ലാത്തവരുമായ വയോജനങ്ങൾക്ക് സ്ഥാപനതല സംരക്ഷണം ഉറപ്പ് വരുത്തുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്ന പദ്ധതി “വയോസാന്ത്വനം ”ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.<br><br>കിടപ്പുരോഗികളായ ആരും സംരക്ഷിക്കാനില്ലാത്ത വയോജനങ്ങൾക്കു വേണ്ടി ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴയിൽ ഒരു വൃദ്ധസദനം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 2023-24 ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>വയോജനങ്ങൾക്ക് മരുന്നുകൾ വീട്ടിൽ എത്തിച്ച് നൽകുന്നതിനുള്ള വാതിൽപ്പടി സേവന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്.<br><br>മുതിർന്ന പൗരന്മാർക്ക് മരുന്നുകൾ വീട്ടിൽ എത്തിച്ച് നൽകുന്നതിനായി കാരുണ്യ @ ഹോം പദ്ധതി ആരോഗ്യ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. വയോമിത്രം പദ്ധതിയിലൂടെ 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് അവരുടെ വരുമാന പരിധി ബാധകമാക്കാതെ അവർക്ക് എത്തിച്ചേരാൻ പറ്റുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യമായി ഡോക്ടറുടെ സേവനം, ജീവിതശൈലീ രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ്ഡെസ്കിന്റെ സേവനം, |

| | | | |
|---|---|---|---|
| | | | കൗൺസിലിംഗ് സേവനം തുടങ്ങിയവ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ